(സി) നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ യോഗ്യത, പ്രായം, തൊഴിൽ പരിചയം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ രജിസ്ട്രേഷൻ സീനിയോറിറ്റി, സമുദായ സംവരണം എന്നീ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് എംപ്ലോയ്മെന്റ് വകുപ്പ് നിയമനത്തിനായി ശുപാർശ ചെയ്യാറുള്ളത്. വിധവകളെയും അംഗവൈകല്യമുള്ള വരെയും മുൻഗണനാവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) നിയമനത്തിന് ഇന്റർവ്യൂ നിർബന്ധമാക്കിയിട്ടുണ്ട്.

(ഇ) വയസ്സ് അധികമായവർ, എംപ്ലോയ്മെന്റിൽ രജിസ്ട്രേഷനിൽ സീനിയ റായവർ എന്നിവർക്ക് അതത് കാരണങ്ങളാൽ മാത്രം പ്രത്യേകം പ്രാതിനിധ്യം നൽകി യിട്ടില്ല. ഓരോ നിയമനത്തിനും നിർണ്ണയിച്ചിട്ടുള്ള മറ്റ് യോഗ്യതകൾ കൂടി കണക്കി ലെടുക്കുമ്പോൾ ഇത്തരക്കാർക്ക് പ്രത്യേക പ്രാതിനിധ്യം നൽകാൻ സാധിക്കുകയില്ല. എന്നാൽ വിധവകൾ, അംഗവൈകല്യം സംഭവിച്ചവർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രായപരിധിയിൽ 10 വർഷത്തെ ഇളവ് അനുവദിച്ചും മുൻഗണനാ വിഭാഗത്തിൽ പ്പെടുത്തിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശുപാർശചെയ്യുന്നു.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ നിർത്തലാക്കാൻ നടപടി

74 [1437] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ സ്വകാര്യ ട്യൂഷൻ നടത്തുന്നതുമൂലം പരീക്ഷ നടത്തിപ്പിൽ അഴിമതി നടക്കുന്നുണ്ടെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരീക്ഷാ നടത്തിപ്പിലെ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്ന തിന് നടപടികൾ സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly